പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3303

14.03.2018 ൽ മറുപടിക്ക്

## മലപ്പുറം നിയോജക മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ ആശുപത്രികൾ ഏതെല്ലാമാണ്; | (എ) | മലപ്പുറം നിയോജക മണ്ഡലത്തിൽ മൊറയൂർ പ്രാഥമികാരോഗ്യ കേന്ദ്രം, മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രി എന്നിവ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | രോഗികൾക്ക് ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതി പ്രകാരം ഈ ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരുടെയും മറ്റു പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തിക നിലവിലുണ്ടോ;ഏതെങ്കിലും ആശുപത്രികളിൽ ഒഴിവുകൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ആർദ്രം മിഷന്റെ ഭാഗമായി ഓരോ താലൂക്കിലും ഓരോ താലൂക്കാശുപത്രി എന്ന മാനദണ്ഡപ്രകാരം മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയെ തിരഞ്ഞെടുത്ത് 28.06.2017 ലെ ജി.ഒ.(കൈ.)101/2017/ആ.കു.വ പ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ്-II ന്റെ രണ്ട് തസ്തികയും 23.09.2017 ലെ സ.ഉ.(കൈ.)136/2017/ആ.കു.വ. പ്രകാരം ദന്തൽ മെക്കാനിക് ഗ്രേഡ് II ന്റെ ഒരു തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. 12.05.2017 ലെ സ.ഉ.(കൈ.)75/2017/ആ.കു.വ. പ്രകാരം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ മൊറയൂർ പി.എച്ച്.സി.യിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികയും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ഒരോ ആശുപത്രികളിലും സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരെ നിയമിക്കുന്നതിനും ഒഴിവുകൾ നികത്തുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിച്ചിരുന്നില്ലെങ്കിലും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആർദ്രം പദ്ധതിയിലൂടെ ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി പൂർണ്ണ തോതിൽ പ്രാവർത്തികമാകുന്നതോടെ ഇക്കാര്യത്തിൽ പരിഹാരമുണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ